**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 318** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഗവേണൻസിൽ ദേശീയ തലത്തിൽ ഒന്നാം സ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആൻഡ് പബ്ലിക്ക് ഗ്രീവൻസസ് നടത്തിയ പഠനപ്രകാരം ഇ-ഗവേണൻസ് സേവനം പ്രദാനം ചെയ്യുന്നതിൽ കേരളം ദേശീയ തലത്തിൽ ഒന്നാം സ്ഥാനത്താണെന്ന് കണ്ടെത്തിയിരുന്നോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെൻറ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസെസ് നടത്തിയ പഠന പ്രകാരം (നാഷണൽ ഇ-ഗവേർണൻസ് സർവീസ് ഡെലിവറി അസ്സെസ്സ്മെൻറ്) 2021-ൽ<br><br>ഇ-ഗവേർണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാന പോർട്ടൽ ഒന്നാം സ്ഥാനത്താണ്. |
| (ബി) | ഭരണം ജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവശ്യമുള്ള സേവനങ്ങൾ സമയ നഷ്ടമില്ലാതെ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിത സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ; | (ബി) | വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ -സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>72 വകുപ്പുകളിൽ നിന്നുള്ള 830 ഓളം സേവനങ്ങളാണ് നിലവിൽ പ്രസ്തുത പോർട്ടലിലൂടെ നൽകി വരുന്നത്.<br><br>വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് തുടങ്ങി റവന്യൂ വകുപ്പ് നല്കുന്ന വിവിധ സർട്ടിഫിക്കറ്റുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ജനന-മരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, ഭൂനികുതി, കെട്ടിട നികുതി, വൈദ്യുത ചാർജ്ജ് തുടങ്ങി വിവിധ പണം ഒടുക്കൽ സേവനങ്ങൾ തുടങ്ങിയവ പ്രസ്തുത പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നൽകിവരുന്നു.<br><br>കൂടാതെ സാമൂഹികനീതി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുവിതരണ വകുപ്പ്, പട്ടികജാതി വികസന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ സേവനങ്ങളും പൊതുജനങ്ങൾക്ക് ഓൺലൈനായി 'ഇ-സേവനം' പോർട്ടലിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത സേവനങ്ങളിൽ 618 സേവനങ്ങളോളം 'എം-സേവനം' എന്ന മൊബൈൽ ആപ്പിലും ലഭ്യമാണ്.<br><br>ഉപഭോക്താക്കൾക്ക് സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങാതെ വീട്ടിലിരുന്നു കൊണ്ടു തന്നെ സേവനങ്ങൾ ഉപയോഗപ്പെടുത്തുവാൻ  ഇ-സേവനം പോർട്ടൽ , എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയുടെ സേവനം നിലവിൽ സൗജന്യമായാണ് നൽകി വരുന്നത്.<br>ഇ-സേവനം, എം-സേവനം എന്നിവയിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തി വിപുലീകരിച്ച് വരുന്നു. |
| (സി) | ഓഫീസുകളിൽ കയറിയിറങ്ങാതെ ജനങ്ങൾക്ക് ആവശ്യമുള്ള സേവനങ്ങൾ പരമാവധി ഓൺലൈൻ വഴി സൗജന്യമായി ലഭ്യമാക്കാനായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>72 വകുപ്പുകളിൽ നിന്നുള്ള 830 ഓളം സേവനങ്ങളാണ് നിലവിൽ പ്രസ്തുത പോർട്ടലിലൂടെ നൽകി വരുന്നത്.<br><br>വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് തുടങ്ങി റവന്യൂ വകുപ്പ് നല്കുന്ന വിവിധ സർട്ടിഫിക്കറ്റുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ജനന-മരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, ഭൂനികുതി, കെട്ടിട നികുതി, വൈദ്യുത ചാർജ്ജ് തുടങ്ങി വിവിധ പണം ഒടുക്കൽ സേവനങ്ങൾ തുടങ്ങിയവ പ്രസ്തുത പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നൽകിവരുന്നു.<br><br>കൂടാതെ സാമൂഹികനീതി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുവിതരണ വകുപ്പ്, പട്ടികജാതി വികസന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ സേവനങ്ങളും പൊതുജനങ്ങൾക്ക് ഓൺലൈനായി 'ഇ-സേവനം' പോർട്ടലിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.<br><br>പ്രസ്തുത സേവനങ്ങളിൽ 618 സേവനങ്ങളോളം 'എം-സേവനം' എന്ന മൊബൈൽ ആപ്പിലും ലഭ്യമാണ്.<br><br>ഉപഭോക്താക്കൾക്ക് സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങാതെ വീട്ടിലിരുന്നു കൊണ്ടു തന്നെ സേവനങ്ങൾ ഉപയോഗപ്പെടുത്തുവാൻ  ഇ-സേവനം പോർട്ടൽ , എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയുടെ സേവനം നിലവിൽ |

| | | | |
|---|---|---|---|
| | | | സൗജന്യമായാണ് നൽകി വരുന്നത്.<br>ഇ-സേവനം, എം-സേവനം എന്നിവയിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തി വിപുലീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ